# ആപത് സൂചനകൾ

**കേരളത്തിന്റെ** തീരപ്രദേശങ്ങളിൽ വിദേശകപ്പലുകൾ മുസ്‌ലിം തീവ്രവാദികൾക്കുവേണ്ടി ആയുധമിറക്കുന്നു എന്ന് സംഘ്പരിവാർ ശക്തികൾ കുറേകാലമായി മുറവിളികൂട്ടുന്നു. കടകളിൽ വിൽക്കാനുള്ള കളിത്തോക്കുകളല്ലാതെ യഥാർഥ ആയുധങ്ങളൊന്നും കപ്പൽ വഴി കേരളത്തിലെത്തിയതായി നാളിതുവരെ കണ്ടെത്തിയിട്ടില്ല. തീരരക്ഷാസേനക്കോ ഇന്റലിജൻസ് ഏജൻസികൾക്കോ ലഭിക്കാത്ത ഇത്തരം വിവരങ്ങൾ പരിവാർ പ്രഭൃതികൾക്ക് നിർലോഭം ലഭിക്കുന്നതിന്റെ രഹസ്യം, കേരളത്തിൽ നിലനിൽക്കുന്ന ആരോഗ്യകരമായ സാമുദായിക സൗഹാർദം തകർക്കാനും മുസ്‌ലിംകളെ ഇതര വിഭാഗങ്ങളുടെ കണ്ണിൽ ദേശവിരുദ്ധ ഭീകരരായി ചിത്രീകരിക്കാനും അങ്ങനെ ഈ മണ്ണിൽ ഹിന്ദുത്വക്ക് വേരോട്ടമുണ്ടാക്കാനുമുള്ള അവരുടെ ഉൽക്കടമായ ആഗ്രഹമാണെന്ന് എല്ലാവരും മനസ്സിലാക്കിയിട്ടുള്ളതാണ്. എന്നാൽ മുസ്‌ലിംകളുമായി ബന്ധമില്ലെങ്കിലും ദക്ഷിണേന്ത്യൻ തീരങ്ങളിൽ ആയുധ കള്ളക്കടത്ത് മുറക്ക് നടക്കുന്നുണ്ടെന്ന് ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു.

ശ്രീലങ്കൻ നാവികസേനയുടെ സമ്മർദം വർധിച്ചതിനെത്തുടർന്ന് തമിഴ് വിമോചന പുലികൾ (എൽ.ടി.ടി.ഇ) അവരുടെ പഴയ താവളമായ തമിഴ്നാട്ടിൽ നില ഭദ്രമാക്കാൻ ശ്രമിക്കുന്നതായി ചെന്നൈയിൽനിന്നുള്ള വാർത്തകൾ പറയുന്നു. എൽ.ടി.ടി.ഇ അതിന്റെ സൈനിക പ്രവർത്തനത്തിനാവശ്യമായ ആയുധ സാമഗ്രികളും ഇന്ധനവും ഔഷധങ്ങളും തമിഴ്നാട് വഴിയാണ് അനായാസം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. 2006 മെയ് മുതൽ തമിഴ്നാട്ടിൽ പിടിയിലായ 108 കള്ളക്കടത്തുകാരിൽ 31 പേർ തമിഴ്പുലികളാണ്. ബാക്കിയുള്ള ഇന്ത്യക്കാരിൽ പലരും അവരുടെ പങ്കാളികളോ കരിയർമാരോ ആണ്. ഭീകരപ്രവർത്തകരോ ഭീകരരുടെ സഹായികളോ ആണെന്ന് സംശയിച്ച് ചിങ്കൽപേട്ടയിലെ സ്പെഷൽ ക്യാമ്പിൽ തടവിലാക്കിയ 40 പേരിൽ 19 പേർ അപകടകാരികളായ എൽ.ടി.ടി.ഇ പ്രവർത്തകരാണെന്ന് സ്ഥിരീകരിച്ചതായി വാർത്തയുണ്ട്. പോയ വർഷം വിജയകരമായ ഓപ്പറേഷനുകളിലൂടെ, എൽ.ടി.ടി.ഇക്ക് ആയുധമെത്തിച്ചുകൊണ്ടിരുന്ന ഏഴു കപ്പലുകളെങ്കിലും തങ്ങൾ മുക്കിയിട്ടുണ്ടെന്ന് ലങ്കൻ നാവികസേന അവകാശപ്പെടുന്നു. പുലികൾ ആയുധം ശേഖരിക്കാൻ ഇനി ഇന്ത്യൻ തീരങ്ങളെ കൂടുതൽ ആശ്രയിക്കാൻ നിർബന്ധിതരായിരിക്കുന്നുവെന്നാണ് അവരുടെ കണക്കുകൂട്ടൽ. എൽ.ടി.ടി.ഇക്ക് ഇപ്പോഴും രഹസ്യമാർഗത്തിലൂടെ ആയുധങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും അതെവിടെനിന്നാണെന്ന് വ്യക്തമല്ലെങ്കിലും ഇന്ത്യയുടെ ദക്ഷിണ തീരം പ്രതിരോധപരമായി ശ്രീലങ്കക്ക് ഏറ്റം ദുർബലമായ മേഖലയാണെന്നും അതിനാൽ ശ്രീലങ്കൻ നാവികസേന കച്ച് ദ്വീപ് പരിസരത്ത് അതിന്റെ പ്രവർത്തനം ഊർജിതപ്പെടുത്താനിടയുണ്ടെന്നും ശ്രീലങ്കയിൽ ഇന്ത്യൻ സമാധാന സേനയുടെ മേധാവിയായിരുന്ന റിട്ട. കേണൽ ആർ. ഹരിഹരൻ പറയുന്നു. 2006-ൽ തമിഴ്നാട് പോലീസ് സമർഥമായ ഒരു നീക്കത്തിലൂടെ എൽ.ടി.ടി.ഇയുടെ ഒരു ആയുധ കപ്പൽ പിടികൂടുകയുണ്ടായി. രാമേശ്വരം വഴി ശ്രീലങ്കയിലെത്തിക്കാനുള്ളതായിരുന്നു അതിലെ ആയുധങ്ങൾ. ഒരു ട്രക്ക് നിറയെ ബാൾബേറിംഗ് കള്ളക്കടത്ത് നടത്തുകയായിരുന്ന എട്ട് എൽ.ടി.ടി.ഇ പ്രവർത്തകരെയും ഇക്കാലത്ത് പോലീസ് അറസ്റ്റ് ചെയ്തു. മുംബൈയിൽ ഒരു ഓട്ടോമൊബൈൽ കമ്പനിയിൽനിന്ന് ശേഖരിച്ച ഈ ബാൾബേറിംഗുകൾ ബോംബുനിർമാണത്തിനുള്ളതായിരുന്നു. 2007 ഫെബ്രുവരിയിൽ സ്ഫോടകവസ്തുക്കൾ നിറച്ച രണ്ടു കപ്പലുകളാണ് തീരരക്ഷാസേന പിടികൂടിയത്. അതേമാസം തന്നെ ഒരു ബോട്ടിൽനിന്ന് അഞ്ച് 'പുലി'കളെയും പിടികൂടി. ചില സ്ഫോടനങ്ങൾ സംഘടിപ്പിക്കാൻ പോവുകയായിരുന്നു അവരെന്ന് ചോദ്യം ചെയ്യലിൽനിന്ന് വ്യക്തമായതായി പോലീസ് പറയുന്നു. ബാൾബേറിംഗ്, ഡിറ്റനേറ്റർ, റോക്കറ്റ് ഷെൽ തുടങ്ങിയ ആയുധസാമഗ്രികൾ കള്ളക്കടത്ത് നടത്തുകയായിരുന്ന നിരവധി ബോട്ടുകൾ പോലീസ് കസ്റ്റഡിയിലായിട്ടുണ്ട്. എൽ.ടി.ടി.ഇയുമായി തങ്ങൾക്കുള്ള ബന്ധം കള്ളക്കടത്തുകാർ സമ്മതിക്കുകയും ചെയ്തിരിക്കുന്നു. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഇപ്പോൾ പുലികളും ശ്രീലങ്കൻ സൈന്യവും തമ്മിൽ യുദ്ധം നടക്കുന്നത് ഇന്ത്യയോട് ഏറെ അടുത്തു കിടക്കുന്ന തീരപ്രദേശത്താണ്. ആ രാജ്യത്തിന്റെ വടക്കുപടിഞ്ഞാറെ അറ്റത്ത് സ്ഥിതിചെയ്യുന്ന മാന്നാറാണ് അതിന്റെ കേന്ദ്രം. രാമേശ്വരത്തുനിന്ന് ഒരു മണിക്കൂർ കപ്പലിൽ സഞ്ചരിച്ചാൽ എത്തിച്ചേരാവുന്ന സ്ഥലമാണ് തലൈമാന്നാർ.

എൽ.ടി.ടി.ഇ തുടക്കും മുതലേ തമിഴ്നാടിനെ തങ്ങളുടെ താങ്ങും തണലുമായിട്ടാണ് കണ്ടുവരുന്നത്. തമിഴ്നാട്ടുകാർക്ക് എൽ.ടി.ടി.ഇയോടുള്ള അനുഭാവം ഒരു രഹസ്യവുമല്ല. തമിഴ്ജനതയുടെ വംശീയവികാരം കണക്കിലെടുക്കുമ്പോൾ ഇത് സ്വാഭാവികമാണ്. പക്ഷേ, ശ്രീലങ്കയുടെ ദൃഷ്ടിയിൽ എൽ.ടി.ടി.ഇ കടുത്ത വിഘടനവാദികളും ഭീകരരുമാണ്. തമിഴ്നാട് അതിന്റെ ആയുധ ഏജൻസിയാകുന്നത് ഇന്ത്യാ-ശ്രീലങ്ക ബന്ധത്തിൽ വിള്ളലുകൾ വീഴ്ത്തും. അതു മാത്രമല്ല പ്രശ്നം. ഭീകരന്മാർ എവിടെയും അവസരം വരുമ്പോൾ പാലൂട്ടിയ കൈക്കു തന്നെ കടിക്കാൻ മടിച്ച ചരിത്രമില്ല. അമേരിക്കയും ബ്രിട്ടനും പാകിസ്താനും മാത്രമല്ല ഉദാഹരണങ്ങൾ. തമിഴ്നാട്ടിൽ തന്നെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി കൊല്ലപ്പെട്ടതെങ്ങനെ എന്നോർക്കേണ്ടതാണ്.

തമിഴ്നാട്ടിൽ എൽ.ടി.ടി.ഇ താവളം ശക്തിപ്പെടുന്നതിൽ ഉത്കണ്ഠ വളർത്തുന്ന മറ്റൊരു ഘടകം കൂടിയുണ്ട്. മധ്യേന്ത്യയിൽ ശക്തി പ്രാപിച്ച നക്സൽ തീവ്രവാദികൾ തങ്ങളുടെ പ്രവർത്തനം തമിഴ്നാട്ടിലേക്കും കേരളത്തിലേക്കും വ്യാപിപ്പിക്കാൻ ശ്രമിച്ചുവരുന്നതായി വാർത്താ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. തേനി, ദിണ്ടുകൽ, കൊടൈക്കനാൽ തുടങ്ങിയ മലമ്പ്രദേശങ്ങളിൽ നക്സലുകൾ പിടിമുറുക്കിയതായി ഇന്റലിജൻസ് വൃത്തങ്ങളും പറയുന്നു. റോഡുമാർഗം ആയുധങ്ങളുമായി എത്തുന്ന ഇവർ ഹിന്ദി-തെലുങ്ക് ഭാഷകൾ സംസാരിക്കുന്ന വഴിവാണിഭക്കാരുടെ വേഷത്തിലാണത്രെ തദ്ദേശീയരുമായി സമ്പർക്കം സ്ഥാപിക്കുന്നത്. അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള കൂലിവേലക്കാരുടെ കൂട്ടത്തിലാണ് നക്സലുകൾ കേരളത്തിലേക്ക് നുഴഞ്ഞുകയറുന്നത്. വിധ്വംസക പ്രവർത്തനങ്ങളുടെ പേരിൽ നക്സൽ വേട്ട ഊർജിതമായ ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ഒറീസ, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് അധികവും. ഭീകര-വിധ്വംസക പ്രവർത്തനങ്ങളിൽ എൽ.ടി.ടി.ഇയും നക്സലൈറ്റുകളും പരസ്പരം സഹകരിക്കാനുള്ള സാധ്യത ഏറെയാണ്. തമിഴ്നാട് മാത്രമല്ല; ഇന്ത്യ മുഴുവനുമാണ് അതിന്റെ കെടുതികൾ അനുഭവിക്കേണ്ടി വരിക. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഗൗരവപൂർവം പരിഗണിക്കേണ്ടതാണീ വിഷയം. അത്യാഹിതങ്ങൾ സംഭവിച്ചുകഴിഞ്ഞ ശേഷം നടപടികളെടുത്തതുകൊണ്ട് കാര്യമില്ല. ■